## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 555 28.02.2017- ൽ മറുപടിക്ക്

### "വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായം "

**ചോദ്യം**

ശ്രീ.പി.സി. ജോർജ്

**ഉത്തരം**

ശ്രീ. എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | കേരളത്തിലാകമാനം അഭ്യസ്തവിദ്യരായ അനേകം യുവതീയുവാക്കൾ തൊഴിൽരഹിതരായുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവർക്ക് പല തരത്തിലുള്ള വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അറിവും വിദ്യയും നൽകുന്നതിനും, ബാങ്കുകളിൽ നിന്നും ന്യായമായ പലിശ നിരക്കിൽ ലോൺ ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കാമോ; | എ) | ഉണ്ട്. അഭ്യസ്തവിദ്യരായ തൊഴിൽ രഹിത യുവതീയുവാക്കൾക്ക് വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ വിവരങ്ങൾ നൽകുന്നതിനും ബാങ്കിൽ നിന്ന് ലോൺ ലഭിക്കുന്നതിനുമുള്ള നടപടികൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. |
| ബി) | ഇപ്പോൾ ഏതൊക്കെ വിധത്തിലുള്ള തൊഴിൽ/ ബിസിനസ്സ് പദ്ധതികളാണ് നിലവിലുള്ളതെന്നും ഇതിന് ലോൺ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ? | ബി) | സംരംഭകത്വ സഹായപദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ Prime Minister's Employment Guarantee Programme (PMEGP) എന്നീ പദ്ധതികൾ മുഖേന സംസ്ഥാനത്തെ വ്യവസായമേഖലയിലെ സമഗ്രവികസനത്തിനും സംരംഭകരെ സഹായിക്കുന്നതിനുമായി വ്യവസായ വകുപ്പ് മുഖേന സഹായങ്ങൾ നൽകി വരുന്നു. ഈ പദ്ധതികൾ പ്രകാരം ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന ഗ്രാമ-നഗര വ്യത്യാസമില്ലാതെ, ഉൽപന്നങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വ്യവസായ സംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെയും സേവനമേഖലയിൽ 10 ലക്ഷം രൂപ വരെയുള്ള |

| | | | |
|---|---|---|---|
| | | | പദ്ധതികൾക്ക് സഹായം നൽകിവരുന്നു. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേരുന്ന ജില്ലാതല ടാസ്ക് ഫോഴ്സ് കമ്മിറ്റി കൂടിക്കാഴ്ചയിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പ്രസ്തുത കമ്മിറ്റിയുടെ കൺവീനർ ആയിരിക്കും.<br>ഗുണഭോക്താവ് സമർപ്പിച്ചിട്ടുള്ള പദ്ധതിയുടെ സാങ്കേതികവും സാമ്പത്തികവുമായ വശങ്ങൾ പരിശോധിച്ച് വായ്പ നൽകുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള ബാങ്ക് അംഗീകാരം നൽകുന്ന മുറയ്ക്ക് പദ്ധതി ചെലവിന്റെ 90-95% വരെ ബാങ്ക് വായ്പ നൽകുന്നു. സാധാരണ വിഭാഗത്തിൽപ്പെട്ടവർ പദ്ധതി ചെലവിന്റെ 10% ഉം, ദുർബലവിഭാഗത്തിൽപ്പെട്ടവർ 5% ഉം തുക സ്വന്തം മുതൽ മുടക്കായി കണ്ടെത്തേണ്ടതാണ്.<br>ഗുണഭോക്താക്കൾ സംരംഭകത്വ വികസന പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് വായ്പയുടെ ആദ്യഗഡു ബാങ്ക് ലഭ്യമാക്കുകയും, പദ്ധതിപ്രകാരമുള്ള സബ്സിഡിയ്ക്കായി ദേശീയ നോഡൽ ഏജൻസിയായ ഖാദി ഗ്രാമ വ്യവസായ കമ്മീഷന് അയയ്ക്കുകയും ചെയ്യുന്നു. ഗ്രാമീണ മേഖലയിലെ ജനറൽ കാറ്റഗറിയിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പദ്ധതി ചെലവിന്റെ 25%, സ്പെഷ്യൽ കാറ്റഗറിയ്ക്ക് 35%, നഗര മേഖലയിൽ യഥാക്രമം 15%, 25% നിരക്കിൽ വായ്പയും (മാർജിൻ മണി) ലഭ്യമാക്കുന്നു. |

**സെക്ഷൻ ഓഫീസർ**